(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനുവേണ്ട ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പുനർവിന്യാസത്തിനുശേഷവും അധികമായി കണ്ടെത്തിയ ഉദ്യോഗസ്ഥരുടെ സേവനം വിധിയോഗിക്കുമോ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ആനയറ, നെടുമങ്ങാട് എന്നീ മാർക്കറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി കൃഷി വകുപ്പ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ, മാർക്കറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിന് ബന്ധപ്പെട്ട മാർക്കറ്റിംഗ് അതോറിറ്റികളുടെ ചെയർമാൻമാർക്ക് (കളക്ടർക്ക്) നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ മാർ,റ്റുകളിൽ സർക്കാർ ഏജൻസികളായ ഹോർട്ടികോർപ്, വി. എഫ്. പി. സി. കെ. എന്നിവരോട് അവരുടെ പ്രവർത്തനം ഈ മാർക്കറ്റുകൾ വഴി നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ 2002 ഒക്ടോബറിൽ പുറപ്പെടുവിച്ച കയറ്റിറക്കുമതി ആക്ട് പ്രകാരം മാർക്കറ്റ് പരിസരം നോട്ടിഫൈഡ് ഏരിയ ആക്കാനുള്ള പ്രഖ്യാപനം ഉണ്ടാക്കിയിട്ടുണ്ട്.

(ബി) മരട്, മൂവാറ്റുപുഴ എന്നീ വിപണികൾ സർക്കാരിന് കൈമാറിയിട്ടുണ്ട്. മൂവാറ്റുപുഴ വിപണിയിൽ 35 സ്റ്റാളുകൾ അലോട്ട് ചെയ്തു നൽകിയിട്ടുണ്ട്. കേര ഫെഡ്, മാർക്കറ്റ്ഫെഡ്, ഹോർട്ടികോർപ്പ്, വി. എഫ്. പി. സി. കെ. തുടങ്ങിയ ഏജൻസികൾ സംഭരണ സെന്ററുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) ഉത്തരം 'എ&ബി' കാണുക.

(ഡി) ആറ് വിപണിയിലും അസിസ്റ്റന്റ് സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്. മരട്, മൂവാറ്റുപുഴ എന്നീ വിപണിയിൽ സെക്രട്ടറിമാരെ നിയമിച്ചിട്ടുണ്ട്. മറ്റ് നാല് മാർക്കറ്റുകളിൽ സെക്രട്ടറിമാരെ പുനർവിന്യാസം മുഖേന നിയമിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

ഇ. ഇ. സി. യുടെ സഹായത്തോടെ സംസ്ഥാനത്ത് ആരംഭിച്ച കാർഷിക മൊത്തവ്യാപാര വിപണി

64 (4103) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ സഹായത്തോടെ സംസ്ഥാനത്ത് എവിടെയെല്ലാമാണ് കാർഷിക വിളകളുടെ മൊത്ത വ്യാപാര വിപണി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ; അതിൽ എവിടെയെല്ലാം ഈ വിപണികളുടെ പണി പൂർത്തിയാക്കി എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പണി പൂർത്തിയായ വിപണികൾ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ ;

(സി) കാർഷിക വിളകളുടെ മൊത്ത വ്യാപാര വിപണികൾക്ക് വേണ്ടി മൊത്തം എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിലെ ആനയറ, നെടുമങ്ങാട്, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ, മരട് എന്നീ മൊത്ത വ്യാപാര വിപണികളുടെ നിർമ്മാണം പൂർത്തികരിച്ച് കൃഷി വകുപ്പ് ഡയറക്ടർക്ക് പ്രവർത്തനം ആരംഭിക്കുവാൻ കൈമാറിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ വേങ്ങേരി, വയനാട് ജില്ലയിലെ സുൽത്താൻബത്തേരി എന്നീ മൊത്ത വ്യാപാര വിപണികളിൽ ഇലക്ട്രിക് കണക്ഷനെ സംബന്ധിച്ച് തർക്കം നിലനിൽക്കുന്നതിനാൽ ഈ വിപണികൾ കൃഷി ഡയറക്ടർക്ക് കൈമാറിയിട്ടില്ല.

(ബി) കൃഷി വകുപ്പ് ഡയറക്ടർക്ക് കൈമാറിയ 4 മൊത്ത വ്യാപാര വിപണികളിൽ മൂവാറ്റുപുഴ വിപണി ഭാഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മറ്റു വിപണികളുടെ പ്രവർത്തനം ആരംഭിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരുന്നു.

(സി) 66.79 കോടി രൂപ വിപണികൾക്ക് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

യു. എസ്. എ.യിലേക്കുള്ള ഭക്ഷ്യകയറ്റുമതി

65 (4104) ശ്രീ. എ. സുജനപാൽ:
ശ്രീ. എം. എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. എസ്. എ. യുടെ പുതുക്കിയ ഇറക്കുമതി നയം അനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ സംബന്ധിച്ച് മുൻകൂട്ടിയുള്ള വിവരം നൽകിയാണ് ഭക്ഷ്യോല്പന്നങ്ങളുടെ കയറ്റുമതിക്ക് ലൈസൻസ് എടുക്കേണ്ടതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ നയം സംസ്ഥാനത്തു നിന്ന് അവിടേയ്ക്ക് നടത്തുന്ന ഭക്ഷ്യ വസ്തുക്കളുടെ കയറ്റുമതിയെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) ഇപ്പോൾ സംസ്ഥാനത്തിന് എന്ത് തുകയ്ക്കുള്ള ഭക്ഷ്യവസ്തുക്കളാണ് യു. എസ്. എ. യിലേക്ക് കയറ്റി അയയ്ക്കുന്നത് ;

(ഡി) എന്തെല്ലാം ഭക്ഷ്യവസ്തുക്കളാണ് ഇപ്പോൾ യു. എസ്. എ. യിലേയ്ക്ക് അയയ്ക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly